**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4248** **12.11.2019-ൽ മറുപടിക്ക്**

## നാദാപുരം മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

| | ചോദ്യം<br><br>ശ്രീ. ഇ.കെ.വിജയൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നാദാപുരം മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന വൈദ്യുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിൽ ചാത്തൻകോട്ടുനട-II (6 MW) ജലവൈദ്യുത പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ സിവിൽ നിർമ്മാണ പ്രവൃത്തിയുടെ 63% പണികൾ പൂർത്തിയായി. 30.03.2019- ൽ കരാർ നൽകിയ ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ തുടർ നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതി 2021 - മാർച്ചിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | മണ്ഡലത്തിൽ പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കുമോ; | (ബി) | നാദാപുരം മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതിയായ ചാത്തൻകോട്ടുനട-I **(5 MW)-** ന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | വീട്ടുകളുടെ മേൽക്കൂരയിൽ സൗരോർജ്ജ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിയിൽ നാദാപുരത്ത് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) | വീട്ടുകളുടെ മേൽക്കൂരയിൽ സൗരോർജ്ജ വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിന് നാദാപുരത്ത് 2886 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br><br>സൗര പദ്ധതിയിലെ രജിസ്ട്രേഷൻ ഇലക്ട്രിക്കൽ സർക്കിൾ തലത്തിലാണ് ശേഖരിച്ചിട്ടുള്ളത്. രജിസ്ട്രേഷൻ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ